# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*575 28.10.2016 ൽ മറുപടിയ്ക്ക്**

## തരിശു കിടക്കുന്ന നിലങ്ങളിൽ മുഴുവൻ കൃഷിയിറക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.ആർ.രാജേഷ്**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.പി.ഉണ്ണി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് തരിശു കിടക്കുന്ന നിലങ്ങളിൽ മുഴുവനും കൃഷിയിറക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) | സംസ്ഥാനത്ത് തരിശായി കിടക്കുന്ന കൃഷി ഭൂമി പരമാവധി കൃഷിയോഗ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം മാപ്പിംഗിലൂടെ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി ഘട്ടം ഘട്ടമായി തരിശുനിലം കൃഷിയോഗ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷം കൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പച്ചക്കറി കൃഷിയുടെ വിസ്തൃതി 50,000 ഹെക്ടറായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 2016-17 - ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. കർഷകർക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നുണ്ട്. 700 ഹെക്ടർ തരിശുനിലം നെൽകൃഷി ചെയ്യുന്നതിനായി ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30000/- രൂപ നൽകുന്നതിനുള്ള പദ്ധതിയും, 700 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷിചെയ്യുന്നതിന് ഹെക്ടർ ഒന്നിന് ഭൂഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ചേർത്ത് ആകെ 30000/- രൂപ ധനസഹായമായി നൽകുന്നു. തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനും പഴം പച്ചക്കറി കൃഷിയ്ക്കും 3 |

ലക്ഷം രൂപ വരെയുള്ള തുക പലിശ രഹിത വായ്പയായി നൽകുന്ന വിഷയവും പരിശോധിച്ചു വരുന്നു. ആർ.കെ വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി **150** ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

ബി) കൃഷി ഭൂമി തരിശിടാനായി കർഷകർ നിർബന്ധിതരായ സാഹചര്യം ഇല്ലാതാക്കാനായി എന്തു നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ;
കാർഷികവൃത്തിയിൽ ന്യായമായ വരുമാനവും വിദഗ്ധ, അവിദഗ്ധ തൊഴിലാളികളുടെ യഥാസമയമുള്ള ലഭ്യതയും ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നതെന്നും യന്ത്രവൽക്കരണം ഏതൊക്കെ തലങ്ങളിൽ ഉദ്ദേശിക്കുന്നുവെന്നും അവ മിതമായ വാടകയ്ക്ക് കർഷകന് ലഭ്യമാക്കാനായി എന്തു സംവിധാനം ഏർപ്പെടുത്തുമെന്നും അറിയിക്കാമോ;

ബി) തൊഴിലാളികളുടെ ലഭ്യതയും യന്ത്രവൽക്കരണവും ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാന തലത്തിൽ 64 അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.ഈ സെന്ററുകളിലൂടെ മിതമായ വാടകയ്ക്ക് യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കിവരുന്നു.പഞ്ചായത്തുതലത്തിൽ 200 കർമ്മസേനകൾ രൂപീകരിക്കുകയും അതിൽ 100 കർമ്മ സേനകൾക്ക് 9 ലക്ഷം രൂപക്കുള്ള യന്ത്രോപകരണങ്ങൾ ലഭ്യമാക്കുകയും 100 കർമ്മസേനകൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.ഇത്തരത്തിൽ കർമ്മസേനകൾക്ക് നൽകിയിട്ടുള്ള പരിശീലനവും യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തി ഓരോ പഞ്ചായത്തിലേയും കാർഷിക മേഖലയിലെ സാധ്യതകൾ ഉൾക്കൊണ്ടുകൊണ്ട് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലമൊരുക്കൽ, വിത്ത് വിതക്കൽ, കളനിയന്ത്രണം, തടം തുറക്കൽ, വിളവെടുപ്പ്, പാഴ് മരങ്ങൾ മുറിക്കൽ, തരിശുനിലം കൃഷിയോഗ്യമാക്കൽ, കീടരോഗനിയന്ത്രണം, ഇക്കോഷോപ്പുകൾ, പച്ചക്കറിചന്ത, ജൈവവള കീടനാശിനി ഉൽപ്പാദനം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും കാർഷിക കർമ്മ സേനകൾ നടത്തിവരുന്നു. ഇതിനും പുറമെ കാർഷിക ഇഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ യന്ത്രങ്ങളുടെ വാടക ന്യായമായി നിലനിർത്തുന്നതിനും വളരെ കുറഞ്ഞ ചിലവിൽ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും കസ്റ്റം ഹയറിങ്ങ് സെന്റർ പ്രവർത്തിച്ചുവരുന്നു.

| | |
|---|---|
| സി) കൃഷിക്ക് ഉപയുക്തമായ ഭൂമി കണ്ടെത്തി രേഖപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനായി ഏത് മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | സി) കൃഷിക്കുപയുക്തമായ തരിശു നിലങ്ങൾ കണ്ടെത്തുന്നതിന് റിമോട്ട് സെൻസിങ്ങ് ഡേറ്റാ ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.ഇതിനായുള്ള സാങ്കേതിക സഹായം കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ്ങ് & എൻവയോൺമെന്റ് സെന്ററിൽ നിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. |
| ഡി) കൃഷി ഭൂമിയുടെ ഉടമസ്ഥന് കൃഷിയിറക്കാൻ സാധിക്കാത്തതോ തയ്യാറില്ലാത്തതോ ആയ സാഹചര്യത്തിൽ എന്തു പരിഹാര മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) കൃഷിഭൂമിയുടെ ഉടമസ്ഥന് കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാടശേഖരസമിതി, സംയുക്ത സംഘങ്ങൾ കുടുംബശ്രീ, കർഷകസ്വയം സഹായ സംഘങ്ങൾ എന്നിവ മുഖേന കൃഷിചെയ്യുന്നതിന് 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശിക തല നിരീക്ഷണ സമിതികൾക്ക് നിർണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി കൃഷി ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളാവുന്നതാണ്. |

S. [signature]

**സെക്ഷൻ ഓഫീസർ**